File No.REV-DRF-A1/294/2019-REV

11418
4/4/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 ലെ പ്രളയം- പ്രത്യുത്ഥാനം പദ്ധതി നടപ്പിൽ വരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ)വകുപ്പ്

G.O.(Rt)No.1575/2019/RD

തീയതി,തിരുവനന്തപുരം, 21/06/2019

പരാമർശം: 14/06/2019 ലെ സ.ഉ.(കൈ)നം.15/2019/ഡി.എം.ഡി.

ഉത്തരവ്

2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് നഷ്ടപ്പെട്ട സാമൂഹ്യ പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെടുന്നവർക്ക് അധിക ധനസഹായം നൽകുന്നതിനായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലൂടെ പ്രത്യുത്ഥാനം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ആയതിനായി വേണ്ടി വരുന്ന തുകയിൽ 8.25 കോടി രൂപ UNDP ൽ നിന്നും 10 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിക്കുന്നതിനും പരാമർശ പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം പ്രത്യുത്ഥാനം പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,00,000/- രൂപ ( പത്ത് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

ഇതിലേക്കായി വേണ്ടി വരുന്ന 10,00,00,000/- രൂപ ( പത്ത് കോടി രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, മെമ്പർ സെക്രട്ടറിക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

ദുരന്ത നിവാരണ (എ) വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ് ( ഇനം.നം.3062 തീയതി.12.06.2019)

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ